**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3883** **09-10-2025 - ൽ മറുപടിയ്ക്ക്**

**ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഡ്രൈവിംഗ് ടെസ്റ്റുകൾ പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പുതുതായി എന്തൊക്കെ മാറ്റങ്ങളാണ് കൊണ്ടുവന്നതെന്ന് വിശദമാക്കുമോ; | (എ) | കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ നിബന്ധനകൾ പൂർണ്ണമായും പാലിച്ചുകൊണ്ടും പൊതുജനങ്ങൾക്കും അപേക്ഷകർക്കും ബുദ്ധിമുട്ടില്ലാത്ത തരത്തിലുമാണ് നിലവിൽ ഡ്രൈവിംഗ് ടെസ്റ്റുകൾ നടത്തിവരുന്നത്.<br><br>ഡ്രൈവിംഗ് പരിശീലനം കൂടുതൽ കുറ്റമറ്റതാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും കേന്ദ്ര മോട്ടോർ വാഹന ചട്ടം 31 B ൽ നിഷ്കർഷിച്ചിരിക്കും പ്രകാരം അക്രഡിറ്റഡ് ഡ്രൈവർ ട്രെയിനിംഗ് സെന്ററുകൾ സ്ഥാപിക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇത്തരം സെന്ററുകൾ മുഖേന നൽകുന്ന പരിശീലനത്തിൽ റോഡ് നിയമങ്ങൾ പാലിക്കുന്നത്/ റോഡ് സുരക്ഷ എന്നിവ സംബന്ധിച്ച ആധുനിക സംവിധാനങ്ങളുടെ സഹായത്തോടെയുള്ള പരിശീലനമാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത സെന്ററുകൾ ചട്ടപ്രകാരവും നിബന്ധനകൾ പാലിച്ചുമാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതാണ്. |
| (ബി) | ഒരു ദിവസം നടത്താവുന്ന ഡ്രൈവിംഗ് ടെസ്റ്റുകൾക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഒരു മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ മാത്രമുള്ള ഓഫീസുകളിൽ 40 ടെസ്റ്റും 2 മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ മാത്രമുള്ള ഓഫീസുകളിൽ (40x2) 80 ടെസ്റ്റുകളും വീതമാണ് പ്രതിദിനം നടത്തേണ്ടത്.<br><br>ആയതിൽ 25 പുതിയ അപേക്ഷകർ, 10 റീടെസ്റ്റ് അപേക്ഷകർ, 5 പേർ - പഠനാവശ്യം ഉൾപ്പെടെ വിദേശത്ത് പോകുന്നവരോ/ വിദേശത്ത് നിന്ന് ലീവിന് വന്ന് മടങ്ങിപോകുന്നവരോ/ പ്രവാസികളോ - എന്ന രീതിയിലാണ് ടെസ്റ്റുകൾ നിജപ്പെടുത്തിയിരിക്കുന്നത്. കൂടാതെ, വിദേശത്ത് പോകുന്ന അപേക്ഷകർ ഇല്ലാത്ത സാഹചര്യത്തിൽ റീടെസ്റ്റ് അപേക്ഷകരുടെ സീനിയോറിറ്റി കൃത്യമായി പരിഗണിച്ച് അവസരം നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | പഠനം, ജോലി തുടങ്ങിയ ആവശ്യങ്ങൾക്ക് ഇതര പ്രദേശങ്ങളിലേക്ക് പോകേണ്ടി വരുന്നവർക്ക് ലേണിംഗ് ടെസ്റ്റ്, ഡ്രൈവിംഗ് ടെസ്റ്റ് എന്നിവ സൗകര്യപ്രദമായ തീയതികളിൽ നടത്താൻ വ്യവസ്ഥയുണ്ടോ; വിശദമാക്കുമോ? | (സി) | ഒരു മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ മാത്രമുള്ള ഓഫീസുകളിൽ 40 ടെസ്റ്റും 2 മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ മാത്രമുള്ള ഓഫീസുകളിൽ (40x2) 80 ടെസ്റ്റുകളും വീതമാണ് പ്രതിദിനം നടത്തേണ്ടത്.<br><br>ആയതിൽ 25 പുതിയ അപേക്ഷകർ, 10 റീടെസ്റ്റ് അപേക്ഷകർ, 5 പേർ - പഠനാവശ്യം ഉൾപ്പെടെ വിദേശത്ത് പോകുന്നവരോ/ വിദേശത്ത് നിന്ന് ലീവിന് വന്ന് മടങ്ങിപോകുന്നവരോ/ പ്രവാസികളോ - എന്ന രീതിയിലാണ് ടെസ്റ്റുകൾ നിജപ്പെടുത്തിയിരിക്കുന്നത്. കൂടാതെ, വിദേശത്ത് പോകുന്ന അപേക്ഷകർ ഇല്ലാത്ത സാഹചര്യത്തിൽ റീടെസ്റ്റ് അപേക്ഷകരുടെ സീനിയോറിറ്റി കൃത്യമായി പരിഗണിച്ച് അവസരം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ